# കോവിഡ് നമ്മളെ പഠിപ്പിച്ചത്

## അവൻ അതിശക്തനാണ്

മദ്യനിരോധനം നടപ്പാക്കി. വീട്ടിൽ ഇരുന്നാലും പ്രാർത്ഥിക്കാം എന്ന് തെളിയിപ്പിച്ചു. വിവാഹം ലളിതമായും നടത്താമെന്ന് പഠിപ്പിച്ചു. 80% ആശുപത്രി സന്ദർശനവും അനാവശ്യമായിരുന്നു എന്ന് തെളിയിച്ചു. വായുമലിനീകരണം ഇല്ലാതാക്കി. ജലസ്രോതസുകൾ മാലിന്യമുക്തമാക്കി. മരണം നടന്നാൽ അടുത്ത ബന്ധുക്കൾ മാത്രം ആയാലും സംസ്കാരം നടത്താമെന്ന് തെളിയിച്ചു. ആളുകളുടെ യാത്രകൾ മിക്കതും വെറുതെ ആയിരുന്നു. കുട്ടികൾക്ക് ജങ്ക് ഫുഡ് കൊടുത്തില്ലെങ്കിലും ജീവിക്കുമെന്ന് തെളിയിച്ചു. വീട്ടിലെ ഭക്ഷണം രുചികരമാണെന്ന് പഠിപ്പിച്ചു. വീട്ടിൽ എല്ലാവരും കൂടി സ്നേഹം പങ്കിടാനും ഒത്ത് ഒരുമിച്ച് പ്രവർത്തിക്കാനും വീട്ടിൽ തന്നെ കൃഷി ചെയ്യാനും വിഷരഹിതമായ ഭക്ഷണങ്ങൾ കഴിക്കാൻ പഠിപ്പിച്ചു. പ്രകൃതിയെ സ്നേഹിക്കാനും മനുഷ്യരുടെ അഹങ്കാരം ശമിപ്പിക്കാനും പഠിപ്പിച്ചു.

അർച്ചന പി

III A

പി കെ എച് എസ് എസ്

മഞ്ചപ്ര